## കുടുംബശ്രീ ജില്ലാമിഷൻ

## ഇടുക്കി

### *കട്ടപ്പന ബ്ലോക്ക്*

# ഡോക്യുമെന്റേഷൻ

## *കോവിഡ്-19 കാല പ്രവർത്തനങ്ങൾ*

### *കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്*

## ആമുഖം

ഇടുക്കി ജില്ലയിലെ കട്ടപ്പന ബ്ലോക്കിലെ ഏഴ് ഗ്രാമപഞ്ചായത്തുകളിൽ ഒന്നാണ് കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്. ലബ്ബക്കട (വാർഡ്-4) ബസ് സ്റ്റോപ്പിൽ നിന്നും 50 മീറ്റർ അകലെ കാഞ്ചിയാർ പഞ്ചായത്തിനോട് ചേർന്നു ളള കെട്ടിടത്തിലാണ് സി.ഡി.എസ് സ്ഥിതി ചെയ്യുന്നത്. ആകെ 16 വാർഡുക ളാണ് (എ.ഡി.എസ്) ഉളളത്. ഇതിൽ 16 അംഗ ഭാരവാഹികളും ഉ ്. 255 അയൽക്കൂട്ടത്തിൽ 3270 അംഗങ്ങൾ ഉൾപ്പെടുന്നതാണ് കാഞ്ചിയാർ സി.ഡി. എസിന്റെ കരുത്ത്.

എല്ലാ വാർഡിലെയും സി.ഡി.എസ് മെമ്പർമാരുടെ അയൽക്കൂട്ടങ്ങൾ ഹരിത അയൽക്കൂട്ടമായി തിരഞ്ഞെടുക്കുകയും അതിന്റെ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു ്. 50 ജെ.എൽ.ജികളും 22 വ്യക്തി-ഗ്രൂപ്പുഗത സംരംഭങ്ങൾ അടങ്ങുന്നതാണ് കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്. 15 ബാലസഭകളും 140 ജനറൽ/52 എസ്.റ്റി ആശ്രയ ഗുണഭോക്താക്കളും ഈ പഞ്ചായത്തിൽ ഉൾപ്പെടുന്നു. 16 വാർഡുകളിൽ 13 എണ്ണത്തിലും വയോജന അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയും അതിൽ 70 അംഗങ്ങളെ ചേർക്കു കയും ചെയ്തിട്ടു ്. ഈ പഞ്ചായത്തിൽ 5 ഭിന്നശേഷി അയൽക്കൂട്ട ങ്ങളിലായി 28 അംഗങ്ങളും ഉ ്.

## *കോവിഡ്-19 കാല പ്രവർത്തനങ്ങൾ*

കോവിഡ്-19 വ്യാപനം തടയുന്നതിനായി സംസ്ഥാന സർക്കാർ ലോക്ക് ഡൗൺ പ്രഖ്യാപിച്ചതിന് അനുബന്ധമായി കുടുംബശ്രീയുമായി കൂടി ചേർന്ന് കൊ ് ചില പ്രവർത്തനങ്ങൾ നടത്തുന്നതിന് നിർദ്ദേശം

നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സി.എച്ച്.എം.എൽ.എസ് ലോൺ അനുവദിക്കുക, കമ്മ്യൂണിറ്റി കിച്ചൻ ആരംഭിക്കുക എന്നീ നിർദ്ദേശങ്ങൾ പാലിക്കുന്നതിനായി കാഞ്ചിയാർ പഞ്ചായത്തുമായി കൂടി ചേർന്ന് കാഞ്ചിയാർ സി.ഡി.എസ് ഭാരവാഹികളും വാർഡ് മെമ്പർമാരും പ്രവർത്തനങ്ങൾ നടത്തുകയു   ായി.

<u>വാട്സ് അപ്പ് ഗ്രൂപ്പും അയൽക്കൂട്ടപ്രവർത്തനങ്ങളും</u>

- ഭക്ഷ്യസുരക്ഷ പദ്ധതിയുടെ ഭാഗമായി എല്ലാ അയൽക്കൂട്ടത്തിലും ഭക്ഷ്യ സുരക്ഷാ നിർദ്ദേശങ്ങൾ അയൽക്കൂട്ടാംഗങ്ങളിലേക്കെത്തിക്കാൻ വാട്സ്അപ്പ് ഗ്രൂപ്പുകൾ ആരംഭിച്ചു.

സി.ഡി.എസ്–1 (അംഗങ്ങൾ–100)

എ.ഡി.എസ്–16 (അംഗങ്ങൾ–48)

അയൽക്കൂട്ടം–256 (അംഗങ്ങൾ–1500)

- ബാങ്ക് ലോൺ വിവരങ്ങളും തിരിച്ചടവ്, മൊറിറ്റോറിയം എന്നിവയുടെ നിർദ്ദേശങ്ങളും വാട്സ്അപ്പ് വഴി എല്ലാവരിലും എത്തിക്കാൻ സാധിച്ചു.
- കോവിഡ് കാലത്ത് പാലിക്കേ   നിർദ്ദേശങ്ങളും എല്ലാവരിലും എത്തിക്കാൻ സാധിച്ചു.
- സി.ഡി.എസ്/എ.ഡി.എസ്/അയൽക്കൂട്ടം എന്നീ ത്രിതലസംഘടനയ്ക്ക് എല്ലാ വിധ ആശയവിനിമയം നടത്തുന്നതിനും സഹായിച്ചു.

<u>വാർഡ് തല ക്യാമ്പയിൻ</u>

കോവിഡ്–19 വ്യാപകമായ സാഹചര്യത്തിൽ ചെയർപേഴ്സണും അക്കൗ   ന്റും സി.ഡി.എസ്/വാർഡ് മെമ്പർമാരും ചേർന്ന് വാർഡുകളിൽ പോയി ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. എങ്ങനെ കൈ കഴുക

ണം, മാസ്ക് ഉപയോഗിക്കണം എന്ന് കാണിച്ചു കൊടുക്കുകയും, സാമൂഹിക അകലം പാലിക്കേ തിന്റെ ആവശ്യകതയും അറിയിക്കുകയും ചെയ്തു.

<u>സി.എച്ച്.എം.എൽ.എസ് ലോൺ</u>

കാഞ്ചിയാർ പഞ്ചായത്തിൽ നിന്നും 255 അയൽക്കൂട്ടങ്ങൾക്ക് 3144 അപേക്ഷകളാണ് വന്നിരിക്കുന്നത്. അപേക്ഷ കൃത്യ സമയത്ത് സി.ഡി.എസിൽ എത്തിക്കുന്നതിന് എ.ഡി.എസ്/സി.ഡി.എസ് മെമ്പർമാർ, വാർഡ് മെമ്പർമാർ എന്നിവർ പരിശ്രമിക്കുകയും കുറെ അപേക്ഷകൾ ബാങ്കുകളിൽ എത്തിക്കുകയും ചെയ്തു.

<u>ആശ്രയ കിറ്റ് വിതരണം</u>

ലോക്ക് ഡൗൺ കാലത്തും ആശ്രയ കിറ്റുകൾ എത്തിക്കുന്നതിന് സി.ഡി.എസും പഞ്ചായത്തും ഒന്നായ് ചേർന്നു കൊ ് എത്തിക്കുകയു ായി.

<u>കമ്മ്യൂണിറ്റി കിച്ചൻ</u>

23.03.2020 മുതൽ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സഹായത്തോടെയാണ് കമ്മ്യൂണിറ്റി കിച്ചൻ കാഞ്ചിയാർ പഞ്ചായത്തിൽ ആരംഭിക്കുന്നത്. 2025 സൗജന്യഭക്ഷണം കമ്മ്യീണിറ്റി കിച്ചൻ നടത്തിയതു വഴിയായി നൽകാൻ സാധിച്ചിട്ടു ്. കമ്മ്യൂണിറ്റി കിച്ചൻ വഴി പി.എസ്.സിയിലെ കിടപ്പ് രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ഭക്ഷണം നൽകാൻ സാധിച്ചു. സി.ഡി.എസിൽ നിന്നും പഞ്ചായത്തിൽ നിന്നും എല്ലാ പിന്തുണയും ലഭിക്കുകയും ചെയ്തിട്ടു ്.



ജനകീയ ഹോട്ടൽ

"വിശപ്പുരഹിത കേരളം" പദ്ധതിയുടെ ഭാഗമായി, കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ 20 രൂപയ്ക്ക് ഉച്ചയൂണ് ലഭ്യമാക്കുന്ന ഒരു സംരംഭമായിട്ടാണ് ജനകീയ ഹോട്ടൽ തുടങ്ങാൻ പദ്ധതി ഇട്ടത്. എല്ലാ മാനദ്ദണ്ഡങ്ങളോടും കൂടി 27.04.2020 ന് കാഞ്ചിയാർ ഗ്രാമപഞ്ചായത്തിൽ ജനകീയ ഹോട്ടൽ കാഞ്ചിയാർ പഞ്ചായത്ത് പ്രസിഡന്റ് *ശ്രീ. വി.ആർ.ശശി* ഉദ്ഘാടനം ചെയ്തു പ്രവർത്തനം ആരംഭിച്ചു. കെട്ടിടത്തിന്റെ വാടക, വൈദ്യുതി, വെള്ളം എന്നിവ പഞ്ചായത്താണ് വഹിക്കുന്നത്. ആദിത്യ കാറ്ററിംഗ് എന്ന സംരംഭമാണ് ജനകീയ ഹോട്ടൽ ഏറ്റെടുത്ത് നടത്തുന്നത്.






## കമ്മ്യൂണിറ്റി കൗൺസിലർ, സി.ഡി.എസ് മെമ്പർമാർ–പ്രവർത്തനങ്ങൾ

കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ ഇടതും വലതുമായി നിന്ന് ലോക്ക് ഡൗൺ കാലത്ത് ഒട്ടേറെ പ്രവർത്തനങ്ങൾ ഇവർ നടത്തി പോരുന്നു.

ആശ്രയ ഗുണഭോക്താക്കളേയും അതിലെ വയോജനങ്ങളേയും കാളിംഗ് ബെൽ ഗുണഭോക്താക്കളേയും ഒന്നിടവിട്ടു വിളിച്ചു അവരുടെ ക്ഷേമമന്വേഷിക്കുകയും അവർക്ക് വേ  ഭക്ഷണവും മരുന്നും മറ്റും എത്തിച്ചു നൽകുവാനും ശ്രദ്ധ പുലർത്തുന്നു ്. സി.ഡി.എസ് മെമ്പർമാർ തങ്ങളുടെ വീടിന്റെ അടുത്തുള്ള ഗുണഭോക്താക്കളെ നേരിട്ട് സന്ദർശിക്കുകയും ചെയ്യുന്നു.

കൂടാതെ കമ്മ്യൂണിറ്റി കൗൺസിലർ ടെലികൗൺസലിംഗും നടത്തി വരുന്നു.

## ഭാവി പരിപാടികൾ

- ലോക്ക് ഡൗൺ തീർന്നാലും പഞ്ചായത്തിന്റെ സഹകരണത്തോടെ കമ്മ്യൂണിറ്റി കിച്ചൻ നല്ല രീതിയിൽ കൂടൂതൽ മെച്ചപ്പെടുത്തി മുന്നോട്ട് കൊ  ു പോകുന്നതിന് പരിശ്രമിക്കും.
- സി.എം.എച്ച്.എൽ.എസ് ലോൺ അപേക്ഷിച്ച എല്ലാവരിലും എത്തിക്കുകയും അതിന്റെ തിരിച്ചടവ് 100% ഉറപ്പ് വരുത്തുകയും ചെയ്യും.
- വയോജനങ്ങൾക്കായുള്ള പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തും.
- കമ്മ്യൂണിറ്റി കൗൺസിലറുടെ പ്രവർത്തനങ്ങളും സി.ഡി.എസ്/എ.ഡി.എസ് മെമ്പർമാരുടെ പ്രവർത്തനങ്ങളും കൂടുതൽ മൂല്യമുള്ളതാക്കും.

ചെയർപേഴ്സൺ : ശ്രീമതി. ഷൈനി കെ.എം

7510195940

ബ്ലോക്ക് കോ-ഓർഡിനേറ്റർ : ശ്രീമതി. ജെന്നി ആന്റോ

9495161920

കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്

## കട്ടപ്പന ബ്ലോക്ക്